# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കാരാകുറുശ്ശി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2016-17
സാമ്പത്തിക വർഷം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി12/1531/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി-02.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാരാകുറുശ്ശി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാരാകുറുശ്ശി ഗ്രാമപഞ്ചായത്ത് - 2016 – 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പി.കെ.ഡി12/1531/2017 തിയ്യതി-02.09.2017

പാലക്കാട് ജില്ലയിലെ കാരാകുറുശ്ശി .ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18-11-2016 മുതൽ 30-6-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽ ദാസ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-7-2017മുതൽ 18-7-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബിജു ആന്റണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എം.എസ്.താരിഖ് | ഓഡിറ്റർ |
| | ശ്രീ. മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ..കെ.മജീദ് | 1-4-2016 മുതൽ 31-3-2017വരെ |
| സെക്രട്ടറി | ശ്രീ. വി.ജയദേവൻ | 1-4-2016 മുതൽ 1-5-2016 വരെയും 17.5.2016 മുതൽ 31.03.2017 വരെയും |
| | ശ്രീ. കുഞ്ഞഹമ്മദ് കുട്ടി, A.S (Addl charge) | 2-5-2016 മുതൽ 16-5-2016 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീ.കെ. അബ്ദുൾ അസീസ് | 1-4-2016 മുതൽ 26-5-2016 വരെ |
| | ശ്രീ. വി.പി. രാജേഷ് | 27-5-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. ഹണി റോസ് തോമസ് | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ശോഭ .കെ | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. പി. ആർ.ജയകുമാർ | 1-4-2016 മുതൽ 31-3-2017 വരെ |
| അസി. സെക്രട്ടറി | ശ്രീ. എം.സി. കുഞ്ഞഹമ്മദ് കുട്ടി | 1-4-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. മോഹന രാജൻ. ആർ | 1-4-2016 മുതൽ 31-3-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. കദീജ.എം.എസ്. | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ | ശ്രീ.യാസർ അറാഫത്ത്.എം. | 1-4-2016 മുതൽ 31-3-2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. അനീഷ് നാരായണൻ | 1-4-2016 മുതൽ 31-3-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ശിവദാസൻ എം. കെ. | 1-4-2016 മുതൽ 31-3-2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് പഞ്ചായത്ത് ഭരണസമിതി 1/3.3.2016 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 29-6-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13683599 |
| വരവ് | 54038141 |
| ആകെ | 67721740 |
| ചെലവ് | 51024039 |
| നീക്കിയിരിപ്പ് | 16697701 |

1-5 ഫണ്ട് വിനിയോഗം- 2016-17

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8688289 | 8688289 | 8688289 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5268616 | 5268616 | 5268616 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7325736 | 7325736 | 7325736 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2106308 | 2106308 | 2106308 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5343550 | 5343550 | 5343550 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1100665 | 1100665 | 1100665 | 0 |
| എം.എൻ.ആർ.ഇ. ജി.എസ്. | 10124 | 1112395<br>25361353(EFMS) | 26483872 | 1020364<br>25361353(EFMS) | 102155 |
| ബി.ഫണ്ട് | 0 | 776740 | 776740 | 776740 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 155 | 53702431 | 115 | 36071007 | 40 | 74 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 25 | 22 | 6925766 | 5572037 | 80 |
| അസി.സെക്രട്ടറി | 08 | 05 | 3810000 | 1930818 | 51 |
| അസി.എഞ്ചിനീയർ | 85 | 54 | 21285400 | 10328874 | 49 |
| കൃഷി ഓഫീസർ | 05 | 04 | 2196800 | 1923190 | 88 |
| വെറ്ററിനറി സർജൻ | 02 | 02 | 1980000 | 1980000 | 100 |
| പി.എച്ച്.സി അലോപ്പതി | 03 | 03 | 835000 | 835000 | 100 |
| ആയുർവ്വേദം | 02 | 02 | 350000 | 350000 | 100 |
| ഹോമിയോ | - | - | - | - | - |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07 | 06 | 5029045 | 4343840 | 86 |
| വി.ഇ.ഒ | 13 | 12 | 10025000 | 7642900 | 76 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01 | 01 | 350000 | 350000 | 100 |
| ഹെഡ് മാസ്റ്റർ | 04 | 04 | 915420 | 814348 | 89 |
| ആകെ | 155 | 115 | 53702431 | 36071007 | 67 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2139697 | 3370532 | 1230835 | 57.5 |
| നികുതിയേതര വരവുകൾ | 445306 | 804194 | 358888 | 80.5 |
| ആകെ | 2585003 | 4174726 | 1589723 | 61 |

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 61 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 297240 | 177 |
| വിവാഹധനസഹായം | 450000 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-7-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2218 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. എം ബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-6-17മുതൽ 13-6-17വരെ | 1-5-2017മുതൽ 31-5-2017വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-4-2009മുതൽ 18-4-2009വരെ | 2004-05മുതൽ 2008-09വരെ | 16-5-09 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക

കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിൽ 4 ബി.എസ്.എൻ.എൽ മൊബൈൽ ടവറുകൾ ഉൾപ്പെടെ ആകെ 12 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 4 ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽ നിന്നും പഞ്ചായത്തിന് നാളിത് വരെയും വസ്തു നികുതി ലഭ്യമായിട്ടില്ല. കൂടാതെ റിലയൻസ് ഇൻഫ്രാടെൽ എന്ന മൊബൈൽ ടവറിൽ നിന്നും 2013-14 വർഷം മുതലുള്ള നികുതി കുടിശ്ശിക നിലനിൽക്കുന്നുണ്ട്. കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നം. | ഏജൻസിയുടെ പേര് | വാർഷിക വസ്തുനികുതി ഡിമാന്റ് | 2013-14 മുതൽ 2016-17 വരെയുള്ള ആകെ ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക |
|---|---|---|---|---|---|
| 2/516 | ബി.എസ്.എൻ.എൽ | 3883 | 15532 | 0 | 15532 |
| 9/521 | ബി.എസ്.എൻ.എൽ | 3883 | 15532 | 0 | 15532 |
| 15/361 | ബി.എസ്.എൻ.എൽ | 3780 | 15120 | 0 | 15120 |
| 12/236 | ബി.എസ്.എൻ.എൽ | 3780 | 15120 | 0 | 15120 |
| 10/516 | റിലയൻസ് ഇൻഫ്രാടെൽ | 5040 | 20160 | 0 | 20160 |
| ആകെ കുടിശ്ശിക | | | | | 81464 |

കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2 ) മറുപടിയായി പ്രസ്തുത മൊബൈൽ ടവറുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 2-2 കൊപ്ര ഡ്രയർ - വാടക സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 2013-14,2014-15 വർഷങ്ങളിൽ 11,80,000 രൂപ ചെലവഴിച്ച് കൊപ്ര ഡ്രയറിന് നിർമിച്ച കെട്ടിടം, കുടുംബശ്രീ യൂണിറ്റുകളോ, വനിതാ സ്വയംസഹായ സംഘങ്ങളോ ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തതിനാൽ കേര ഫെഡിന് കൊപ്ര ഡ്രയർ നടത്തുന്നതിന് പ്രതിമാസം 15000 രൂപ നിരക്കിൽ വാടകക്ക് നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം പ്രവർത്തനം അവസാനിപ്പിക്കുകയും 2016 ഒക്ടോബർ മാസം മുതൽ വാടക ലഭ്യമാകാതാകുകയും ചെയ്തിട്ടുണ്ട്. നാളിത് വരെയും മറ്റ് ഏജൻസികൾക്ക് കെട്ടിടം കൈമാറിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4 ) കോങ്ങാട് എം.എൽ.എയുടെ കതിർ പദ്ധതി പ്രകാരം മണ്ഡലത്തിലെ നാളികേര സംഭരണ കേന്ദ്രമായും മൂല്യ വർദ്ധിത ഉൽപന്ന നിർമ്മാണ യൂണിറ്റായും ഈ കെട്ടിടം ഉപയോഗിക്കുന്നതിന് ആലോചിച്ചിട്ടുണ്ട് എന്ന മറുപടിയാണ് പഞ്ചായത്ത് നൽകിയിട്ടുള്ളത്. കെട്ടിടം ഉപകാരപ്രദമാക്കുന്നതിന് ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പരസ്യനികുതി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതും ആയതിന് അംഗീകാരം ലഭ്യമാക്കി പരസ്യ നികുതി പിരിക്കാവുന്നതുമാണ്. പരസ്യ നികുതി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ -മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം – 22/2017 (പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ)

അടങ്കൽ - 200000(SCP)

ചെലവ് - 180818

ബിൽ നമ്പർ - 9/2016-17തിയതി 30.3.17

നിർവഹണോദ്യോഗസ്ഥൻ- അസി.സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ 50 എസ്.സി.വിദ്യാർത്ഥികൾക്ക് ടേബിളും ചെയറും നൽകുന്ന പദ്ധതി പ്രകാരം 2016-17 ൽ 43 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകിയിട്ടുണ്ട്. 17.2.17 ലെ A2-10/16 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ലഭ്യമായ 2 ടെണ്ടറുകളിൽ നിന്നും ഗോൾഡൻ സ്റ്റീൽ ഫർണിച്ചർ വർക്സ്, മണ്ണാർക്കാട് എന്ന സ്ഥാപനത്തിൽ നിന്നും പർച്ചേസ് നടത്തുകയും ചെയ്തിട്ടുണ്ട്.

| ഇനം | യൂണിറ്റിന് വില | വാങ്ങിയ എണ്ണം | തുക |
|---|---|---|---|
| സ്റ്റീൽ ടേബിൾ | 2750 | 48 | 132000 |
| പ്ലാസ്ററിക് ചെയർ | 540 | 48 | 25920 |
| വിൽപന നികുതി (14.5%) | | | 22898 |
| ആകെ | | | 180818 |

ടെണ്ടർ നോട്ടീസിലെ സ്പെസിഫിക്കേഷൻ താഴെ പറയും പ്രകാരമാണ്.

| ഇനം | സ്പെസിഫിക്കേഷൻ |
|---|---|
| ടേബിൾ | i).സ്റ്റീൽ മേശ 36x18x30,20g, 1cupboard, 2 shelf on right side, top with 18mm laminated particle board, side teak wood reaper litting and polishing) |
| ചെയർ | ii)കസേര (ISI plastic arm chair) |

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 4/2016തസ്വഭവ 11/01/2017 ഖണ്ഡിക 6.8(4)പ്രകാരം പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകുന്നതിന് 4000 രൂപ ധനസഹായം നൽകാനാണ് അനുമതിയുള്ളത്. ആ നിലയ്ക്ക് പ്ലാസ്റ്റിക് കസേരകൾ വാങ്ങി നൽകിയതിന് മതിയായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം 10 തിയതി 17.07.2017) ലഭ്യമാക്കിയ മറുപടിയിൽ 4000 രൂപയ്ക്ക് സ്റ്റീൽ മേശയും സ്റ്റീൽ കസേരയും ലഭിക്കാത്തതിനാലാണ് ISI മാർക്കുള്ള പ്ലാസ്റ്റിക് ചെയർ വാങ്ങിയതെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ആകെ വാങ്ങിയ 48 മേശ, 48 കസേര എന്നിവയിൽ 43 കസേരകളും 43 മേശകളുമാണ് വിതരണം ചെയ്തിട്ടുള്ളത്. ആകയാൽ വിതരണം ചെയ്യാത്ത

മേശകളുടെയും കസേരകളുടെയും വില നികുതിയുൾപ്പെടെ 18837(15745+3092) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫർണിച്ചർ ബന്ധപ്പെട്ടവർക്ക് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ലോകബാങ്ക് ധനസഹായം ഉപയോഗിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം നടത്തിയിരിക്കുന്നു - വിശദീകരണം ലഭ്യമാക്കേണ്ടതാണ്

ലോകബാങ്ക് ധനസഹായം ഉപയോഗിച്ച് താഴെപ്പറയുന്ന ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം നടത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 59/17- പഞ്ചായത്ത് ഓഫീസ് അനക്സ് കെട്ടിടം വിപുലീകരണം |
| അടങ്കൽ, ഫണ്ട് ഇനം | - 1102580രൂ. ലോകബാങ്ക് ധനസഹായം (KLGSDP) |
| എഗ്രിമെന്റ് നം,തീയ്യതി | 96/15-16/AE/LSGD/KKSY/ 3-10-15 |
| കരാറുകാരൻ | കെ.മുഹമ്മദാലി |
| പ്രവൃത്തി മൂല്യം | 1014401 |
| എം.ബുക്ക് | 811/14, 604/15, 605/15 |
| ബിൽ നം.തീയ്യതി, തുക | 10/16-17/ 30-1-17, 1014401രൂ. |

മേൽ പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ടി പ്രവൃത്തി ലോകബാങ്ക് ധനസഹായം ഉപയോഗിച്ചാണ് ചെയ്തിരിക്കുന്നത്. KLGSDP സംബന്ധിച്ച അധിക മാർഗ്ഗരേഖ (സ.ഉ. (സാധാ) നം. 2668/2011/ ത. സ്വ.ഭ.വ, തീയ്യതി 15-11-2011 പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം (വാടകയ്ക്ക് നൽകുന്നതിനുള്ള നിർമ്മിതികൾ) ടി ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ പാടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നം. 7/17-7-2017പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നിലവിലുണ്ടായിരുന്ന അസി. എഞ്ചിനീയർ ഇക്കാര്യം ഭരണസമിതിയെ അറിയിച്ചിരുന്നു എന്നും ഭരണസമിതിയുടെ 27-9-2016തീയ്യതിയിൽ 14(3) നമ്പർ തീരുമാനപ്രകാരമാണ് ടി ധനസഹായം ഉപയോഗിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്ന ഒരു ഘട്ടത്തിലാണ് പുതിയ ഭരണസമിതി നിലവിൽ വന്നതെന്നും ആയതിനാൽ ടി അവസ്ഥയിൽ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ അതുവരെ മുടക്കിയ പണം പാഴാവും എന്നതിനാലാണ് മേൽപറഞ്ഞവിധം തീരുമനം കൈക്കൊണ്ടതെന്നും പഞ്ചായത്ത് പ്രസിഡണ്ട് എക്സിറ്റ് മീറ്റിങ്ങിൽ സൂചിപ്പിച്ചു.

മാർഗ്ഗരേഖ പ്രകാരം നെഗറ്റീവ് ലിസ്റ്റിൽപ്പെട്ട പ്രൊജക്ട് ഏറ്റെടുത്തത് വിശദീകരിക്കേണ്ടതാണ്.

## 3-3 സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം നൽകൽ–

## വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രൊജ നം-15/17 (ഫണ്ടിനം – പ്ലാൻ ഫണ്ട്, നിർവ്വഹണം -ഐ.സി.ഡി.എസ്. സൂപ്പർവൈസർ)

സാമൂഹ്യ സുരക്ഷ മിഷൻ- വിഹിതം നൽകൽ

അടങ്കൽ-500000/-

ചെലവ്-500000/-

1. ബിൽ നം-4/16-17,100000/-തിയതി 2/1/2017
2. ബിൽ നം-16/16-17, 170000/-തിയതി 29/3/2017
3. ബിൽ നം-15/16-17, 230000/-തിയതി 21/3/2017

സർക്കാർ ഉത്തരവ് (സാധാ) നം-1209/2013/തസ്വഭവ, തിയതി 06/06/2013 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളായ ആശ്വാസ കിരണം, ക്യാൻസർ സുരക്ഷ, താലോലം, സ്നേഹപൂർവ്വം എന്നിവ നടപ്പാക്കുന്നതിനു വേണ്ടി സാമൂഹ്യ സുരക്ഷ മിഷന് 2016-2017ൽ 500000/-രൂപ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ബിൽ നം 1 പ്രകാരമുള്ള തുകക്ക് മാത്രമെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളൂ. പദ്ധതി പൂർത്തിയാകുന്ന മുറക്ക് ബാക്കിയുള്ള തുകകളുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-4 സ്കൂൾ വിദ്യാർത്ഥിനികൾക്ക് നാപ്കിൻ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം. 146/2017

അടങ്കൽ-200000 (വികസന ഫണ്ട്)

ബിൽ നം. 4/29.3.17, തുക-100000

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ് മാസ്റ്റർ

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖാന്തിരം പഞ്ചായത്ത് പരിധിയിലുള്ള എയ്ഡഡ് സ്കൂൾ ഉൾപ്പെയുള്ള ഹൈസ്കൂളിലെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രൊജക്ടിൽ വകയിരുത്തിയ തുകയുടെ 50% തുക കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും പ്രവർത്തി പൂർത്തികരിച്ചതായി കാണുന്നില്ല. കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 18.01.2016 ലെ സി.ആർ.എം.പി.നം 5016/01/എൽ എ /1/15/കെ.ഇ.എസ്.സി.പി.സി.ആർ നം ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതിന്റെ പരിധിയിൽപെടുന്ന ഗവ:,എയിഡഡ്,അൺ എയിഡഡ് സ്കൂളുകളിൽ പരിശോധന നടത്തി ടോയ് ലെറ്റ് സൗകര്യം ലഭ്യമാണോ എന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചുട്ടുണ്ട്.

രേഖകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മുൻകൂർ നൽകുന്നതിനുമുമ്പായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല.

2. പദ്ധതിയിൽ എതൊക്കേ ഇനങ്ങൾ സ്ഥാപിക്കുവാനാണ് തുക വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല .

25/01/2016 ലെ സ ഉ (സാധാ) നം 280/16 തസ്വ ഭവ പ്രകാരം ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ നാപ്കിൻ സൂക്ഷിക്കുവാനുള്ള അലമാര, സാനിറ്ററി നാപ്കിൻ, ഇൻസിനറേറ്റർ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരൊറ്റ പ്രൊജക്റ്റായി പദ്ധതി തയ്യാറാക്കേണ്ടതാണ്. എന്നാൽ മാത്രമെ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ലക്ഷ്യം കൈവരിക്കുവാൻ സാധ്യമാകൂ. എന്നാൽ, നാപ്കിൻ വിതരണം മാത്രമാണ് പ്രൊജക്ടിൽ ഉണ്ടായിരുന്നത്.

3. പദ്ധതി പൂർണ്ണമായും നടപ്പിലാക്കി, ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

നിർദ്ദേശം

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ആശ്രയ പദ്ധതി - ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2016-17 വർഷത്തിൽ പഞ്ചായത്തിൽ ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി തൻവർഷത്തിൽ 2 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായത്തിനായി 6 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഒരു ഗുണഭോക്താവ് മാത്രമാണ് ധനസഹായം കൈപ്പറ്റികാണുന്നത്. പ്രസ്തുത ഗുണഭോക്താവാകട്ടെ ഭാഗികമായി മാത്രമാണ് തുക കൈപ്പറ്റിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട്-23/17 ആശ്രയ ഭവന പദ്ധതി (എസ്.സി.പി)

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 600000

ചെലവ്-150000

സ്രോതസ്സ് : വികസനഫണ്ട് എസ്.സി.പി

ബിൽ നം.7/16-17 തുക- 50000 തി.24.3.17

ബിൽ നം.8/16-17 തുക- 100000 തി.30.3.17

| ക്രമ നമ്പർ | ഗുണഭോക്താവിൻെറ പേര് | അനുവദിച്ച ധനസഹായം | കൈപ്പറ്റിയ ധനസഹായം | ബാക്കി |
|---|---|---|---|---|
| 1 | കാളി, ഒറവക്കോട്ടിൽ | - | - | - |
| 2 | ചാമി, ആനപ്പറമ്പ് വീട് കാരാകുറിശ്ശി | 300000 | 150000 | 150000 |

ഇതിൽ ഒന്നാമത്തെ ഗുണഭോക്താവിന്റെ ഭൂമിയിൻമേലുള്ള ഉടമസ്ഥാവകാശം ശരിയല്ലെന്നതിനാൽ

ആനുകൂല്യം നൽകിയിട്ടില്ല. രണ്ടാമത്തെ ഗുണഭോക്താവ് 24.03.17 ന് എഗ്രിമെന്റ് വച്ച് രണ്ടു ഘട്ടങ്ങളിലായി 150000 രൂപ കൈപ്പറ്റിയിട്ടുണ്ട് മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല

2016-17 വർഷത്തിൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ പ്രവൃത്തിക്കായി ജല അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിർവ്വഹ ഉദ്യോഗ സ്ഥൻ | ബിൽ/ ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| ജല അതോറിറ്റി | 176/2017- KWA കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | സെക്രട്ടറി | 41/2016-17 തിയതി.25.3.17 | 633750 |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതും ബാക്കിയുള്ള തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില, ഇ.എം.ഡി എന്നിവ പഞ്ചായത്തിലേക്ക് അടച്ചിട്ടില്ല

2015-16, 2016-17വർഷങ്ങളിൽ നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ E-Tender മുഖേന നടപ്പാക്കിയിട്ടുള്ളവയുടെ ടെണ്ടർ ഫോറം വില, ഇ.എം.ഡി എന്നിവ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് അടച്ചിട്ടുള്ളത്. ടി തുകകൾ അതത് പഞ്ചായത്തുകൾക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തണമെന്ന സർക്കാർ നിർദേശം പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2015-16

| പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫോറം വില | ഇ.എം.ഡി | അടച്ചിരിക്കുന്ന അക്കൌണ്ട് നം. (ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ) | പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| പഞ്ചായത്ത് മീറ്റിംഗ് ഹാൾ പൂർത്തീകരണം (2കരാറുകാർ) | 1575x2=3150 | 18300x2=36600 | 67249238637 -SBT,Palakkad | ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തിയിട്ടില്ല. |
| പി.എച്ച്.സി.യിൽ മെഡിസിൻ സ്റ്റോർ നിർമ്മാണം (2കരാറുകാർ) | 5250x2=10500 | 27500x2=55000 | 67249238637 -SBT,Palakkad | -ടി- |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് അനക്സ് കെട്ടിടം വിപുലീകരണം (2കരാറുകാർ) | 5250x2=10500 | 27600x2=55200 | 67249238637 -SBT,Palakkad | -ടി- |

2016-17

| പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫോറം വില | ഇ.എം.ഡി | അടച്ചിരിക്കുന്ന അക്കൌണ്ട് നം. | പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| പഞ്ചായത്ത് അനക്സ് കെട്ടിടത്തിൽ കോൺഫറൻസ് ഹാൾ നിർമ്മാണം (6 കരാറുകാർ) | 2625x6=15750 | 50000x6=300000 | 67249238637 -SBT,Palakkad | ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തിയിട്ടില്ല |
| പഞ്ചായത്ത് പൊതുശ്മശാനം സംരക്ഷണം (8കരാറുകാർ) | 2625x8=21000 | 50000x8=400000 | 67249238637 -SBT,Palakkad | -ടി- |

മേല്പറഞ്ഞ തുകകൾ പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ, കരാറുകാരിൽ നിന്നും വിൽപന നികുതിയിനത്തിൽ ലഭിച്ച തുക, വിൽപന നികുതി വകുപ്പിലേക്ക് അടച്ച എന്ന ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം

2005ൽ നിലവിൽ വന്ന മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. വിവിധ വർഷങ്ങളിലെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | വിശദാംശം | 2016-17 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2776 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2776 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 1289 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 133287000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 353 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 315 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | 0 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 26483872(Administrative expenses+ EFMS) |
| 9 | തൻവർഷത്തെ ചെലവ് | 26381717 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1288 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1288 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 388 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br><br>തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | 0 |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | 0 |
| 15 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | താത്കാലിക ബോർഡുകൾ സ്ഥാപിക്കാറുണ്ട്. |
| 16 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | നടന്നിട്ടില്ല |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട്. |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | കിണർ 72, കുളം 3 |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമനം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2016-17 വർഷം | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 2 | 78155 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 3 | 118580 |
| 3 | ചെറുകിട ജലസേചനം | 3 | 1282820 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 131 | 2736460 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 160 | 13837935 |
| 6 | ഭൂവികസനം | 13 | 1141455 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 41 | 2609995 |
| 8 | village Roads | 0 | 0 |
| | മറ്റു ചെലവുകൾ | | |
| | ആകെ | 353 | 22829240 |
| | മുൻവർഷത്തെ തുക ഈ വർഷം നൽകിയത് | | 3552477 |
| | ആകെ | | 26381717 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം., പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 50000 | ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി | 50000 | - |
| ജില്ലാ പഞ്ചായത്ത് | 69240 | നെൽകൃഷി വികസനം - ഉഴവ് കൂലി | 69240 | - |
| | 80000 | ഉത സബ് വാട്ടർ ഷെഡ് പദ്ധതി തയ്യാറാക്കൽ | - | 80000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. /ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | എസ്.സി. കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600768/ 31-12-16 | 2500000 | 2500000 | വിനിയോഗ വിവരം ലഭ്യമല്ല. |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601097/ 26-3-17 | 633750 | 633750 | വിനിയോഗ വിവരം ലഭ്യമല്ല. |
| കെ.എസ്.ഇ.ബി | ആനവരമ്പ് മിച്ചഭൂമി നെല്ലമ്പാനി ഇലക്ട്രിക്ക് പോസറ്റ് മാറ്റൽ | 21600826/ 17-1-17 | 47250 | 47250 | വിനിയോഗ വിവരം ലഭ്യമല്ല |
| | മുഞ്ഞക്കണ്ണി കാവുംപടി റോഡ് ഇലക്ട്രിക്ക് പോസറ്റ് മാറ്റൽ | 21600827/ 17-1-17 | 41281 | 41281 | വിനിയോഗ വിവരം ലഭ്യമല്ല |
| | കടിയംപാല റോഡ് ഇലക്ട്രിക്ക് പോസ്ററ് ഷിഫ്റ്റിങ്ങ് | 21600828/ 17-1-17 | 48153 | 48153 | വിനിയോഗ വിവരം ലഭ്യമല്ല |
| | മുഞ്ഞക്കണ്ണി മിച്ചഭൂമി റോഡ് ഇലക്ട്രിക്ക് പോസ്ററ് ഷിഫ്റ്റിങ്ങ് | 21600829/ 17-1-17 | 48933 | 48933 | വിനിയോഗ വിവരം ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്-

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം. -

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം -

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-3 | 2015-16 | 5-2 | ഗ്രാമ പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം- ഹാർഡ് വെയർ/ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചില്ല | സമിതിയുടെ പരിഗണനയിൽ |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54038141 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51024039 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18837 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 18837 | ശ്രീ.എം.സി.കുഞ്ഞഹമ്മദ് കുട്ടി-അസി.സെക്രട്ടറി |
| ആകെ | 18837 | |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.സി.കുഞ്ഞഹമ്മദ് കുട്ടി | സെക്രട്ടറി, ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | മലഞ്ചിറ വീട് വിയ്യാകുറിശ്ശി പി.ഒ മണ്ണാർക്കാട്.പി.ഒ പാലക്കാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി9/138/98/12-11-98 | 3 |
| 1997-98 | എൽ.എഫ്.പി9/377/2002(1)/ 3-8-2002 | 3 |
| 1998-99 | എൽ.എഫ്.പി9/1669/200/ 5-12-2009 | 1 |
| 1999-2000 | എൽ.എഫ്.പി9/1670/07/17-11-2009 | 7 |
| 2000-01 | എൽ.എഫ്.പി9/1035/2006/7-8-2007 | 1 |
| 2001-02 | എൽ.എഫ്.പി9/1036/2006/5-9-2007 | 2 |
| 2002-03 | എൽ.എഫ്.പി9/1037/2006/7-8-2007 | 2 |
| 2003-04 | എൽ.എഫ്.പി9/1038/2006/ 7-8-2007 | 6 |
| 2004-05 | എൽ.എഫ്.പി12/1463/13/10-12-2013 | 2 |
| 2005-06 | എൽ.എഫ്.പി12/1464/13/6-12-2013 | 6 |
| 2006-07 | എൽ.എഫ്.പി12/617/14/ 3-5-2014 | 1 |
| 2007-08 | എൽ.എഫ്.പി12/1466/13/23-10-2013 | - |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി12/1467/13/23-10-2013 | 8 |
| 2011-12 | എൽ.എഫ്.പി12/637/14/ 8-5-2014 | 4 |
| 2012-13 | കെ.എസ്.എ-പികെഡി12-432/16 /10-5-2016 | 10 |
| 2013-14& 2014-15 | കെ.എസ്.എ-പികെഡി12-1438/16/ 9-8-2016 | 4 |
| 2015-16 | കെ.എസ്.എ-പികെഡി12/23/17/ 6-1-2017 | മുഴുവൻ ഖണ്ഡികകളും |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

# അനുബന്ധം-1

No.KSA-PKD12/1531/2017

Kerala State Audit Department
District Audit Office
Palakkad
Date – 02.09.2017

CERTIFICATE

Certified that I have examined the Annual Financial Statement of KARAKURUSSI GRAMA PANCHAYATH for the year ended 31.03.17 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of KARAKURUSSI GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2016-17 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Deputy Director

KARAKURUSSI GRAMA PANCHAYATH

Abstract of defects-A.F.S 2016-17

1. Asset value not ascertained and not included in the Balance Sheet.

Deputy Director

നം.കെ.എസ്.എ-പികെഡി12/1531/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 02.09.2017

## സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കാരാകുറുശ്ശി ഗ്രാമ പഞ്ചായത്തിന്റെ 31.3.17 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാരാകുറുശ്ശി ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2016-2017 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## കാരാകുറുശ്ശി ഗ്രാമ പഞ്ചായത്ത്

## വാർഷിക ധനകാര്യ പത്രിക – 2016-2017

## ന്യൂനതാ സംഗ്രഹം

1. ആസ്തി മൂല്യം കാലികമാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ